തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം - 676502 ഫോൺ : 0494 2631230

നമ്പർ. 3399/2025/ഡ2/അഡ്മിൻ തീയതി: 28.11.2025

## താൽപര്യപത്രം (EOI) ക്ഷണിക്കുന്നു

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - നിലവിലെ വെബ് സൈറ്റ് നവീകരിക്കുന്നതിന് തയ്യാറുള്ള അംഗീകൃത ഏജൻസികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും താൽപര്യപത്രം (Expression Of Interest) ക്ഷണിക്കുന്നു.**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ വെബ് സൈറ്റിന്റെ സമഗ്ര നവീകരണപ്രവൃത്തികൾ ചെയ്യുന്നതിനായി താഴെ പറയുന്നവരിൽ നിന്നും താൽപര്യപത്രം (Expression Of Interest) ക്ഷണിക്കുന്നു.

1. കേരള സർക്കാറിന്റെ സ്റ്റാർട്ട് ആപ്പ് മിഷൻ അഫിലിയേഷനുള്ളതോ സമാന രീതിയിൽ വെബ് സൈറ്റുകൾ ഡെവലപ്പ് ചെയ്ത് പരിചയമുള്ളതോ ആയ ഏജൻസികൾ.
2. കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ വെബ് സൈറ്റുകൾ ഹോസ്റ്റ്ചെയ്ത് പരിചയമുള്ള അംഗീകൃത ഏജൻസികൾ/ സ്ഥാപനങ്ങൾ.

താൽപര്യപത്രം സമർപ്പിക്കുന്നഏജൻസികളുടെ/ സ്ഥാപനങ്ങളുടെ പ്രീ- ബിഡ് മീറ്റിംഗ് നടത്തുന്നതും ആയതിന്റെ വിശദാംശങ്ങൾ പിന്നീട് സർവകലാശാല അറിയിക്കുന്നതുമാണ്.

താൽപര്യപത്രം **06.12.2025ന് ഉച്ചയ്ക്ക് 2** മണിക്ക് മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. "മലയാളസർവകലാശാല - വെബ് സൈറ്റ് നവീകരണത്തിനുള്ള താൽപര്യപത്രം " എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ഓൺലൈൻ വഴിയും താൽപര്യപത്രം അയയ്ക്കാവുന്നതാണ്. താൽപര്യപത്രം അംഗീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. താൽപര്യപത്രം അംഗീകരിക്കുകയാണെങ്കിൽ സർവകലാശാല നിഷ്കർഷിക്കുന്ന സമയ പരിധിക്കുള്ളിൽ മേൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

**പ്രൊഫ. (ഡോ.) കെ. എം. ഭരതൻ**

രജിസ്ട്രാർ ഇൻ-ചാർജ്

വി.സി. കാര്യാലയം/മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/
സർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ് വിഭാഗം/കമ്പ്യൂട്ടർ പ്രോഗ്രാമർ/എസ്റ്റേറ്റ് ഓഫീസർ/
ആഫീസ് രേഖ/കരുതൽ രേഖ